
# മാസ്റ്റർപ്ലാൻ

## വിഷൻ 2025



ഗവ. യു.പി.എസ്. വെള്ളിമൺ

കുണ്ടറ ബി.ആർ.സി.
കൊല്ലം

# ഗവ. യു. പി. എസ്

# വെള്ളിമൺ

# മാസ്റ്റർ പ്ലാൻ

## 2025 – 2026

**BRC KUNDARA**
**KOLLAM**

9809349947

# ആമുഖം

അഷ്ടമുടിക്കായലിന്റെ തീരത്തുള്ള വിദ്യാലയ മുത്തശ്ശിയാണ് ഗവ. യു.പി.എസ് വെള്ളിമൺ. 1918 – ൽ ശ്രീകൃഷ്ണവിലാസം എൽ.പി.സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ചു. 1958 –ൽ ഗവ. എൽ. പി. എസായും , 1980 മുതൽ യു,പി എസായും പ്രവർത്തിച്ചുവരുന്നു. പ്രകൃതി രമണീയമായ വെള്ളിമൺ ഗ്രാമത്തിന്റെ ഏക സാംസ്കാരിക കേന്ദ്രമായിരുന്നു ഈ വിദ്യാലയം. സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങളിൽ ( ശാസ്ത്രജ്ഞർ, ഡോക്ടർ, എഞ്ചിനീയർ, അധ്യാപകർ, സാങ്കേതിക വിദഗ്ധർ, സാമൂഹിക – രാഷ്ട്രീയ പ്രവർത്തകർ) ഈ വിദ്യാലയത്തിൽ നിന്നു വിദ്യനേടിയവർ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസം സ്വകാര്യ വത്കരിക്കപ്പെട്ടതോടു കൂടി കശുവണ്ടി, മത്സ്യ , കയർ മേഖലകളിലെ തൊഴിലാളികളുടെ കുട്ടികൾ മാത്രം പഠിക്കുന്ന സ്ഥാപനമായി മാറി ഈ വിദ്യാലയം. മാതാപിതാക്കൾക്ക് കുട്ടികളുടെ പഠന കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാത്തതുകാരണം, വിദ്യാഭ്യാസത്തിന്റെ ഒരു കണ്ണിമാത്രമായ അധ്യാപകരുമായി മാത്രം കുട്ടികൾ വിളക്കിചേർക്കപ്പെട്ടു. ഇതു മനസ്സിലാക്കിയ വിദ്യാഭ്യാസ വകുപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസത്തെ സാമൂഹ്യവത്കരിക്കുവാനും പുരോഗതിയിലേക്ക് നയിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുവാനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി അക്കാദമിക ഭൗതിക , സാമൂഹിക, സാംസ്കാരിക, ആരോഗ്യ മികവിലേയ്ക്ക് വിദ്യാലയത്തെ ഉയർത്തുന്നതിനായി 2025–26, 2026–27 വർഷങ്ങളെ മുന്നിൽകണ്ടുകൊണ്ട് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ വിഷൻ 2020.

## വിദ്യാലയത്തെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു. പി. എസ് വെള്ളിമൺ |
| വിലാസം | : | വെള്ളിമൺ. പി. ഒ<br>പെരിനാട്<br>കൊല്ലം – 691511 |
| വിദ്യാഭ്യാസ ഉപജില്ല | : | കുണ്ടറ |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കുണ്ടറ |
| ഗ്രാമ പഞ്ചായത്ത് | : | പെരിനാട് |
| ബ്ലോക്കു പഞ്ചായത്ത് | : | ചിറ്റുമല |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| വില്ലേജ് | : | പെരിനാട് |
| താലൂക്ക് | : | കൊല്ലം |
| ഇ– മെയിൽ | : | kundara41647@gmail.com |
| ഫോൺ | : | 8289962650 |

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ
- അക്കാദമിക നേട്ടങ്ങൾ
- അക്കാദമിക പരിമിതികൾ
- മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
  - അക്കാദമികം ( പ്രവർത്തനങ്ങൾ : 73 )
  - ഭൗതികം ( പ്രവർത്തനങ്ങൾ : 8 )
  - സാമൂഹികം ( പ്രവർത്തനങ്ങൾ : 6 )
- ഉപസംഹാരം

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തൽ.
- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽതികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കുവാനും , വായിക്കുവാനും, എഴുതുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- മികച്ച ശാരീരിക – മാനസിക – വൈകാരിക ആരോഗ്യം ഉറപ്പാക്കുക.
- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

# സ്റ്റാഫ് - വിവരങ്ങൾ

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | : | 1 |
| **അധ്യാപകർ** | | |
| എൽ. പി | : | 3 |
| യു. പി | : | 2 |
| ഹിന്ദി | : | 1 |
| വർക്ക് | : | 1 |
| കായികം | : | 1 ദിവസം |
| വർക്ക് എക്സ്പീരിയൻസ് | : | 1, (2 ദിവസം) |
| ഓഫീസ് അസിസ്റ്റന്റ് | : | 1 |
| പാർട്ട് ടൈം സ്വീപ്പർ | : | 1 |

## അക്കാദമിക നേട്ടങ്ങൾ

- LSS – 3 കുട്ടികൾ , USS – 4 കുട്ടികൾ
- ശാസത്ര ഗണിത ശാസ്ത്ര കലാകായിക പ്രവർത്തി പരിചയ മേളയിൽ മികവുകാട്ടിയ കുട്ടികൾ
- ഒരു കുട്ടിക്ക് ഒരു പരീക്ഷണം എന്ന ശാസ്ത്ര പരീക്ഷണം.
- ജൈവവൈവിധ്യ പാർക്ക്
- ഗണിത മാഗസിൻ
- എന്റെ പുസ്തകം – എന്റെ കുറിപ്പ് – എന്റെ എഴുത്തുപെട്ടി
- മെച്ചപ്പെട്ട ഉച്ചഭക്ഷണം
- ക്ലാസ്സ് ലൈബ്രറി
- ഫുട് ബോൾ പരിശീലനം
- പൊതു വിജ്ഞാനം
- കലാ പഠനം
- സ്കൂൾ മാഗസിൻ
- സ്കൂൾ പത്രം
- യോഗ ക്ലാസ്
- സ്കൂൾ ബസ്സ്

## പരിമിതികൾ

- കളിസ്ഥലത്തിന്റെ അപര്യാപ്തത
- കളി ഉപകരണങ്ങളുടെ കുറവ്
- മെച്ചപ്പെട്ട ഭക്ഷണശാല
- ക്ലാസുകളിൽ ഷെൽഫുകളുടെ അപര്യാപ്തത
- വായനാ മുറിയുടെ പരിമിതി
- സ്റ്റാഫ്റും – അറ്റാച്ച്ട് – ടൊയിലറ്റ്
- ക്ലാസ്സ് റൂമുകളിൽ ഫാൻ, ലൈറ്റ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ഭാഷാ ശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര പോഷണ പരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം.<br>• ലബോറട്ടറി ആധുനിക വത്കരിക്കൽ<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠന യാത്രകൾ<br>• കലാകായിക മേള<br>• ഐ.ടി. പരിശീലനം<br>• ക്ലാസ്സ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം / മാസിക<br>• പ്രവർത്തി പരിചയപഠനം<br>• ഒന്നാംക്ലാസ്സ് ഒന്നാംതരം<br>• എസ്.ആർ.ജി. ശാക്തീകരണം.<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറി തോട്ടം<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാരപരിപാടി<br>• ഒറിഗാമി ശില്പശാല<br>• ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം | ♦ കളിസ്ഥലം<br>♦ ചിൽഡ്രൻസ് പാർക്ക്<br>♦ ക്ലാസ്സ് മുറികൾ<br>♦ ഓഫീസ് മുറികൾ<br>♦ സ്റ്റാഫ് മുറി<br>♦ ഡൈനിംഗ് ഹാൾ<br>♦ മാലിന്യസംസ്കരണം<br>♦ ടോയിലറ്റ്<br>♦ ലബോറട്ടറി<br>♦ ഗണിതോത്സവം<br>♦ ജന്മദിനത്തിനൊരു പുസ്തകം<br>♦ കുടിവെള്ള വിതരണം<br>♦ എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | ♦ പി.ടി.എ ശക്തിപ്പെടുത്തൽ<br>♦ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>♦ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, മുതിർന്ന തലമുറസഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>♦ വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>♦ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |

# യു.പി. അക്കാദമികം / മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാവർക്കും എഴുത്തും വായനയും . | മലയാളത്തിളക്കം തുടർപരിപാടികയിലൂടെ എഴുതുന്നതിനും, വായിക്കുന്നതിനും ഉള്ള പിന്നാക്കക്കാരെ കണ്ടെത്തുന്നു. | ഒരു വർഷം | അധ്യാപകർ | |
| 2. വായന കൂട്ടം എഴുത്ത് കൂട്ടം | എല്ലാ ദിവസവും വിശ്രമവേളകളിൽ കുട്ടികൾ ഒന്നിച്ചിരുന്ന് തങ്ങളുടെ കഴിവ് പ്രകടിപ്പിക്കുന്നു. പുസ്തകങ്ങൾ വായിച്ച്, കുറിപ്പ്തയ്യാറാക്കുന്നു. സ്വന്തം സൃഷ്ടികളും അവതരിപ്പിക്കാം. | ഒരു വർഷം | അധ്യാപകർ എം. പി. റ്റി. എ | |
| 3. ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ഗ്രന്ഥശാല അംഗത്വം. | ക്ലാസ്സ് ലൈബ്രറിയിലേക്കും സ്കൂൾ ലൈബ്രറിയിലേക്കും കൂടുതൽ പുസ്തകങ്ങൾ ശേഖരിച്ച് എല്ലാവർക്കും വായിക്കാൻ ഗ്രന്ഥശാല സന്ദർശിച്ച് പൂർവ്വ ചരിത്രം ശേഖരിക്കുന്നു. പുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നത് പരിചയപ്പെടുന്നു. | 6 മാസം | പി. റ്റി. എ വിദ്യാരംഗം ക്ലബ്ബ് | സ്പോൺസർഷിപ്പ് |
| 4. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുന്നു. | സ്ഥൂലവായന - സൂക്ഷ്മ വായനയിലൂടെ പ്രധാന ആശയങ്ങൾ കണ്ടെത്തുന്നു. ഉറക്കെവായന, വേഗത്തിൽ വായന | | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുന്നു. | വിവിധ സാഹിത്യവിഭാഗത്തിലുള്ള വരെ സ്കൂളിൽ ക്ഷണിച്ച് , അഭിമുഖം , ശിൽപശാല എന്നിവ നടത്തുന്നു. | ഒരു വർഷം | എസ്.എസ്.ജി | |
| 6. ഇൻ ലന്റ് നിർമ്മാണം. | തപാൽ ദിനത്തിൽ പ്രമുഖർക്ക് കുട്ടികൾ ഒരുമിച്ച് കത്ത് അയക്കുന്നു. | ഒരു വർഷം | പി.ടി.എ | |
| 7. സി.ഡി.ഐ.സി.റ്റി സാധ്യത | പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘുചിത്രീകരണം, കവിതാലാപനം, പാവനാടകം, നാടക ചിത്രീകരണം എന്നിവ നടത്തുന്നു. | 6 മാസം | അധ്യാപകർ | സ്പോൺസർഷിപ്പ് |
| 8. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു. | കൈയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നതിനുള്ള സർഗാത്മക രചയിലേർപ്പെടുന്നു | 6 മാസം | അധ്യാപകർ | തദ്ദേശസ്വയം ഭരണ സ്ഥാപനം |
| 9.ഫോട്ടോ ഗ്യാലറി | ഓരോ ക്ലാസ്സ് റൂമിന്റെ മുന്നിലും, മഹാൻമാരുടെയും, സാഹിത്യ കാരൻ മാരുടെയും ചിത്രങ്ങൾ വയ്ക്കണം | 1 വർഷം | പി.റ്റി.എ | പി.റ്റി.എ |
| 10. ഭിന്നശേഷിക്കാരെ പരിഗണിക്കൽ. | ഭിന്നശേഷിക്കാരുടെ സർഗ്ഗവേള ഒരുക്കുന്നു | 1 മാസം | എസ്.എസ്.എ. ബി.ആർ.സി | |
| 11. കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. കുട്ടികൾ അവരവർക്കു ലഭിച്ചിരിക്കുന്ന കവിയുടെ കവിതയും ലഘുജീവിതവും തയ്യാറാക്കി– പതിപ്പാക്കണം. | 1 മാസം | പി.റ്റി.എ , അധ്യാപകർ | പി.റ്റി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 12. അവതരണ മികവ് കൈവരിക്കൽ. | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലേക്കും സ്പീക്കറിലൂടെ സംപ്രേഷണം . | ഒഴിവു സമയങ്ങളിൽ | അധ്യാപകർ | |
| 13. ഒരു സാഹിത്യ രൂപത്തെ മറ്റൊരു വ്യവഹാര രൂപത്തിലേക്ക് മാറ്റൽ. | പരിചയപ്പെട്ട ബാല സാഹിത്യ നോവൽ/ കഥ/ ചെറുകഥ എന്നിവയുടെ നാടകാവിഷ്കരണം. | ഒഴിവു സമയങ്ങളിൽ | അധ്യാപകർ | |
| 14. സർഗാത്മക രചനകളിൽ ഏർപ്പെടൽ . | കഥയരങ്ങ്/ കവിയരങ്ങ്, രചനാശിൽപശാല, എന്നിവസംഘടിപ്പിച്ച് – ഉൽപന്നങ്ങൾ പഠനോപകരണമായി ക്ലാസ്സ് മുറിയിൽ ശേഖരിക്കുന്നു. | രണ്ട് മാസത്തിൽ ഒരു തവണ | വിദ്യാരംഗം കലാസാഹിത്യ വേദി | 5000 സ്പോൺസർഷിപ്പ് |
| 15. രചനകൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ. | കുട്ടികളുടെ മികച്ച രചനകൾ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് സഹായിക്കുന്നു.<br>മലയാളത്തിളക്കം തുടർ പ്രവർത്തനം<br>ചിത്രകഥകൾ, ചിത്രങ്ങൾ തുടങ്ങിയവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു. | പ്രതിമാസ പരിപാടി | അധ്യാപകർ | |
| 16. എല്ലാവർക്കും എഴുത്തും വായനയും | മലയാള തിളക്കം തുടർപ്രവർത്തനം | ഒരു വർഷം | | |
| 17. അക്ഷരം ഉറപ്പിക്കൽ | ചിത്രകഥകൾ ചിത്രങ്ങൾ തുടങ്ങിയവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു | 2 മാസം | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 26<br>ആനുകാലിക വിജ്ഞാനവും പൊതു വിജ്ഞാനവും ഉറപ്പിക്കുന്നതിലൂടെ പൗരബോധവും സാമൂഹ്യപ്രതിബദ്ധതയും കൈവരിക്കുന്നതിന്. | പത്രവാർത്ത- അവതരണം<br>ക്ലാസ്സ്തല ക്വിസ്<br>സ്കൂൾതല ക്വിസ്<br>പ്രസംഗ മത്സരം<br>പൊതു വിജ്ഞാന ക്ലാസ്സുകൾ | പ്രതിദിനം<br>ആഴ്ചയിൽ ഒന്ന്<br>പ്രതി മാസം<br><br>പ്രതിദിനം | എസ്. എസ്. ക്ലബ്ബ്<br>എസ്. എസ്. ടീച്ചർ | |
| പ്ര.വ 27.<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര | ഒരു പ്രാവശ്യം | എസ്.ആർ.ജി | 10,000/- |
| പ്ര.വ 28<br>ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | തെരഞ്ഞെടുപ്പ് - സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ, ജനാധിപത്യപ്രക്രിയ പരിചയപ്പെടാനുള്ള അവസരം | ജൂൺ - ജൂലൈ | എസ്.ആർ.ജി | |

# യു.പി. അക്കാദമികം / ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 39<br>ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദി അംസംബ്ലി ആഴ്ചയിൽ ഒരു പ്രാവശ്യം നടത്തുന്നു. ഓരോ ആഴ്ചയിലും അംസംബ്ലിനടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരായണം, പ്രശ്നോത്തരി തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യ മത്തിലായിരിക്കും | ജൂൺ 2018 മുതൽ മാർച്ച് 2019 വരെ | ഹിന്ദി ക്ലബ്ബ്/<br>ഹിന്ദി അധ്യാപകൻ | |
| പ്ര.വ 40<br>എല്ലാകുട്ടികളെയും ഹിന്ദി എഴുതുവാനും, വായിക്കുവാനും പ്രാപ്തരാക്കുന്നു. | ഹിന്ദി നന്നായി എഴുതുന്നതിനും അക്ഷരം ഉറപ്പിക്കുന്നതിനുമായി ഹിന്ദി കോപ്പി പുസ്തകം ഉപയോഗപ്പെടുത്തുന്നു. | ജൂൺ 2018 മുതൽ മാർച്ച് വരെ | | |
| പ്ര.വ 41<br>ഹിന്ദി വായിച്ച് മനസ്സിലാക്കുക | ഹിന്ദി പ്രശ്നോത്തരി ആഴ്ചയിൽ ഒരിക്കൽ സംഘടിപ്പിക്കുന്നു. വിജയികൾക്ക് ഹിന്ദി അസംബ്ലിയിൽ സമ്മാനം നൽകുന്നു | ജൂൺ 2018 മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകൻ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 42<br>ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ദിനാചരണങ്ങൾ ഹിന്ദിയിൽ – ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശു ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കും. | ജൂൺ 2018 മുതൽ മാർച്ച് 2019 വരെ | ഹിന്ദി അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാന്റ് |
| പ്ര.വ 43<br>ഹിന്ദി നന്നായി എഴുതുവാനും വായിക്കുവാനും കഴിയുക | ഹിന്ദി കൈയ്യെഴുത്ത് മാസിക – ക്ലാസ്സ് മുറികളിൽ തയ്യാറാക്കുന്ന കുട്ടികളുടെ രചനകൾ കൂട്ടിച്ചേർത്ത് എ4 പേപ്പറിൽ ഹിന്ദി മാസിക തയ്യാറാക്കുന്നു. | ജൂലൈ 2018 മുതൽ 2019 ജനുവരി വരെ | ഹിന്ദി അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാന്റ് |
| പ്ര.വ 44<br>ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പഠന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വേണ്ടി വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കുന്നു. | ജൂൺ 2018 മുതൽ 2019 മാർച്ച് വരെ | ഹിന്ദി അധ്യാപകൻ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 45<br>ഹിന്ദി ഭാഷാ പഠനം സുഗമമാക്കൽ | ഹിന്ദി പഠനം ലളിതവും കൂടുതൽ മനസ്സിലാക്കി പഠിക്കുന്നതിനുമായി വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നു. | ജൂൺ 2018 മുതൽ മാർച്ച് 2019 വരെ | ഹിന്ദി അധ്യാപകൻ | സ്കൂൾഗ്രാന്റ് |
| പ്ര.വ 46<br>പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പുരോഗതി | നിറങ്ങൾ , ചിത്രങ്ങൾ , ചാർട്ടുകൾ, എന്നിവയുടെ സഹായത്തോടെ ഭിന്നശേഷിക്കാരെയും പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പുരോഗതിയിലേക്ക് നയിക്കുന്നു. | ജൂൺ 2018 മുതൽ | ഹിന്ദി അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാന്റ് |
| | | | | |

## യു.പി. അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 21<br>ചരിത്രാവബോധം – കുട്ടികളിൽ ഉണർത്താനും സാംസ്കാരിക പൈതൃകം ബോധ്യപ്പെടുത്താനുമുള്ള ശേഷി കൈവരിക്കുന്നു. | ◆ ചരിത്ര പുസ്തകങ്ങൾ<br>◆ ചുമർപത്രികകൾ<br>◆ സർവ്വേ<br>◆ പതിപ്പുകൾ<br>◆ മാഗസിനുകൾ<br>◆ ആൽബം തയ്യാറാക്കൽ<br>( സ്വാതന്ത്ര്യ സമരസേനാനികൾ) | ജൂൺ – മാർച്ച് | എസ്.എസ്. ടീച്ചർ, എസ്.എസ് ക്ലബ്ബ് | ടീച്ചേഴ്സ് ഗ്രാന്റ് |
| പ്രവ.22<br>ഭൂപടം വിശകലനം ചെയ്യാനും, ഗ്ലോബ് അറ്റ്ലസ് എന്നിവ ഉപയോഗിക്കാനുമുള്ള ശേഷി കൈവരിക്കുന്നു.<br>സാമൂഹ്യശാസ്ത്രലാബ് | ◆ ഭൂപട വിശകലനം<br>◆ ഗ്ലോബ്, അറ്റ്ലസ് എന്നിവയുടെ നിരീക്ഷിണവും വിശകലനവും<br>◆ വിവിധതരം ഭൂപടങ്ങൾ നിരീക്ഷിക്കൽ | ജൂൺ –മാർച്ച് | എസ്.എസ്. ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര. വ 23<br>സാമൂഹ ബന്ധിത പ്രവർത്തനങ്ങളിലൂടെ സാമൂഹ്യബോധവും ദേശീയ ബോധവും ഉണർത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന്. | ബോധവൽക്കരണപ്രവർത്തനങ്ങൾ ( ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ)<br>ദിനാചരണങ്ങൾ<br>പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ – മാർച്ച് | എസ്.എസ് ടീച്ചർ<br>എസ്.എസ്. ക്ലബ്ബ് | |
| പ്ര. വ 24<br>ആധുനിക ശാസ്ത്ര സങ്കേതിക വിദ്യാസാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | സാമൂഹ്യ ശാസ്ത്ര പഠനത്തിന് സഹായകമാകുന്ന ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. | ജൂൺ – മാർച്ച് | എസ്.എസ്. ടീച്ചർ | |
| പ്ര. വ 25<br>സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയ മാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ ( ഭൂപടങ്ങൾ ,അറ്റ്ലസ്, ഗ്ലോബ്, ചിത്രങ്ങൾ,മോഡലുകൾ, പത്രകട്ടിംഗുകൾ) | ജൂൺ മുതൽ | എസ്.എസ്. ക്ലബ്ബ് | 5000/- |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 18. അമ്മ വായന | അടയാളങ്ങൾ ഉറപ്പിക്കുന്നു, ലൈബ്രറി പുസ്തകങ്ങൾ അമ്മയ്ക്കും നൽകുന്നു. രണ്ട് പേരും ഒന്നിച്ചിരുന്ന് കഥ ആസ്വദിക്കുന്നു. | 6 മാസം | | |
| 19. അടയാളങ്ങൾ ഉറപ്പിക്കൽ | ചിഹ്നങ്ങൾ ചേർക്കാതെ എഴുതിയ വാക്കുകൾ നൽകി തെറ്റ് കണ്ടെത്താൻ നിർദ്ദേശിക്കുന്നു. | പ്രതിമാസ പരിപാടി | | |
| 20. പിന്നാക്കക്കാർക്ക് പരിഹാരം | അക്ഷരകാർഡ് പദങ്ങൾ എഴുതിയ കാർഡ് | | | |

# യു.പി. അക്കാദമികം / ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 29<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ എന്നിവയ്ക്കുള്ള പഠനയാത്രകൾ | ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 15000/-<br>എസ്.എസ്.എ |
| പ്ര.വ 30<br>ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | ശാസ്ത്ര മേളയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ | ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 2000/- |
| പ്ര.വ 31<br>ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ ക്രമീകരണം, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 2000/- |
| പ്ര.വ 32<br>ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ക്ലാസ്സുകൾ , സംവാദങ്ങൾ, എന്നിവ സംഘടിപ്പിക്കൽ, ലഘു പരീക്ഷണങ്ങൾ,ക്വിസ്, ദിനാചരണങ്ങൾ, വായനാകുറിപ്പ്, ചുമർപത്രികകൾ, പരീക്ഷണകുറിപ്പുകൾ | രണ്ടു പ്രാവശ്യം | സയൻസ് ക്ലബ്ബ്<br>എസ്. ആർ.ജി | 3000/- |
| പ്ര.വ 33<br>ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക | ഐ.സി.റ്റി സാധ്യത | ആവശ്യാനുസരണം | എസ്.ആർ.ജി | |

# യു.പി. അക്കാദമികം / ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 34<br>ഗണിത ക്രിയകൾ ഉറപ്പാക്കൽ | ചതുഷ് കേളി | ജൂൺ മുതൽ | ഗണിത ക്ലബ്ബ് | 1000/- |
| പ്ര.വ 35<br>ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 3000/- |
| പ്ര.വ 36<br>ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ്<br>എസ്. ആർ. ജി | 2000/- |
| പ്ര.വ 37<br>ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | ഐ.സി.റ്റി സാധ്യത | ആവശ്യാനുസരണം | എസ്. ആർ.ജി | |
| പ്ര.വ 38<br>ഗണിതാഭിരുചി വളർത്തൽ | ഗണിത മാഗസിൻ , ഗണിത മേളയിൽ പങ്കെടുപ്പിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ. ജി<br>ഗണിത ക്ലബ്ബ് | |

| പ്രവർത്തനം 1. ഇംഗ്ലീഷ് അസംബ്ലി– ഉപമേഖല– ഇംഗ്ലീഷ് ഭാഷാ പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പ്ര.വ 47 Hello English<br>എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുക | മാസത്തിൽ രണ്ടു ദിവസം ഇംഗ്ലീഷ് അസംബ്ലി.<br>ഓരോ ക്ലാസ്സിനും ഇടവിട്ട് ചുമതല നൽകൽ.<br>മഹാൻ മാരുടെ വചനങ്ങൾ വായിക്കൽ.<br>സ്വയം അവതരണം. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ്സ് ടീച്ചർ | |
| പ്ര.വ 48<br>തെറ്റില്ലാതെ അനായാസം എഴുതാനുള്ള ശേഷി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് ഡയറി– ഇംഗ്ലീഷ് ഭാഷാ പഠനം<br>വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഇംഗ്ലീഷിൽ എഴുതൽ.<br>സ്വന്തമായി പ്രൊഫൈൽ എഴുതുന്നു.<br>എഴുത്തുകൾ സഹപാഠികൾക്കെഴുതുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| പ്ര.വ 49<br>ദിനാചരണങ്ങൾ ആഘോഷിക്കൽ | കുട്ടികൾ ആങ്കറിംഗ് ചെയ്ത് അവതരിപ്പിക്കുന്നു. | മാസത്തിലൊരിക്കലുള്ള ബാല സഭ | ഇംഗ്ലീഷ് ക്ലബ്ബ് | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര. വ 53<br>നാടകീകരണം | ഏകാംഗ നാടകാഭിനയം<br>സ്കിറ്റുകൾ എഴുതി അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ക്ലബ്ബ് | |
| പ്ര. വ 54<br>ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ പ്രതിപാദിക്കുന്നതിൽ നിന്നും വ്യത്യസ്തമായി വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി അവതരിപ്പിക്കുന്നു.<br>ഉദാ : സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമ തുടങ്ങിയവ.. | രണ്ട് ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| പ്ര. വ 55<br>വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കൽ. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുന്നു. | മാസത്തിൽ ഒരു തവണ | എച്ച്. എം. അധ്യാപികമാർ | |
| പ്ര. വ. 56<br>വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ. | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകി, ഇംഗ്ലീഷ് ഭാഷ ഐഛിക വിഷയമായി കൈകാര്യം ചെയ്യുന്നവരെ കണ്ടെത്തി ക്ലാസ്സ് നൽകൽ. | അക്കാദമിക് വർഷത്തിൽ | എച്ച്.എം.<br>പി.റ്റി.എ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 57 കവിതാലാപനം | ഇംഗ്ലീഷ് കവിതകൾ ആലപിക്കുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ക്ലബ്ബ് | |
| പ്ര.വ 58 സംവാദ സദസ്സുകൾ | ഇംഗ്ലീഷിലുള്ള സംവാദങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് | |
| പ്ര.വ 59 വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യം നേടൽ | ലളിതമായ മലയാള സാഹിത്യകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്നു. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ക്ലബ്ബ് | |
| പ്ര.വ. 60 ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. എല്ലാകുട്ടികളും കഴിയുന്നത്ര രീതിയിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുക | ആഴ്ചയിൽ ഒന്നു വീതം | ഇംഗ്ലീഷ് ടീച്ചർ ബാക്കി എല്ലാ അധ്യാപകരും കുട്ടികളും | |
| **Hello English** | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും അവരിൽ LSRW ശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർ ത്തനങ്ങൾ നൽകൽ | 'എല്ലാദിവസവും | ഇംഗ്ലീഷ് അധ്യാപകൻ | |

## മേഖല/ ഉപമേഖല – അക്കാദമികം / കായിക വിദ്യാഭ്യാസം
### കായിക പരിശീലനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 62<br>കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ 3 ദിവസം | പി.ടി.എ<br>കായിക അധ്യാപകൻ | 10000 , സ്പോൺസർഷിപ് |
| പ്ര.വ 63<br>കായികതാരങ്ങൾക്ക് അവാർഡ് / സമ്മാനങ്ങൾ<br>അവാർഡ് / സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം , ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും, മൊമെന്റോയും നൽകൽ. | ഓരോ തലത്തിലും മത്സരങ്ങൾക്കു ശേഷം | എച്ച്.എം., പി.ടി.എ | 10000<br>പി.ടി.എ |
| പ്ര.വ. 64<br>മെഡിക്കൽ ക്യാമ്പ് / അക്കാദമികം<br>ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിലൊരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷത്തിൽ ഒന്നു വീതം | എച്ച്.എം, പി.ടി.എ | 10000<br>( പി.ടി.എ) |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര.വ 50<br>സ്വതന്ത്ര വായനയ്ക്ക് അർഹരാകുന്നു | ഇംഗ്ലീഷ് പത്ര വായന<br>ഇംഗ്ലീഷ് ബുക്കുകൾ വായിക്കുന്നു.<br>ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ക്ലാസ്സിൽ ഒരുക്കുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |
| പ്ര.വ 51<br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് സർഗാത്മക രചന | ഓരോ മാസത്തെയും ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ബുള്ളറ്റിൻ തയ്യാറാക്കൽ<br>ജൂൺ – മൺസൂൺ.<br>ജൂലൈ – ജനസംഖ്യ<br>ഓഗസ്റ്റ് – സ്വാതന്ത്ര്യം<br>സെപ്തംബർ – ഓണം<br>കഥയെഴുത്ത്, കവിതാരചന<br>സംഭാഷണം. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ, എച്ച്.എം | |
| പ്ര.വ 52<br>സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുന്നു | ഇംഗ്ലീഷ് സിനിമകൾ പ്രദർശിപ്പിക്കുന്നു.<br>ഇംഗ്ലീഷ് വാർത്തകൾ കേൾക്കുവാൻ അവസരമൊരുക്കുന്നു. | | | |

# മാസ്റ്റർ പ്ലാൻ 2025 – 2026
## കലാപഠനം

| പ്രവർത്തനം | കാലയളവ് | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|
| പ്ര.വ 61<br>നല്ല ചിത്രങ്ങൾ കാണുന്ന കുട്ടികളുടെ മനസ്സിൽ സർഗ്ഗാത്മകത വിരിയും. ചിത്രങ്ങൾ വരയ്ക്കുക, എന്നത് പ്രകൃതിയെ അറിയുകയെന്നതാണ്. ചിത്രകലയുടെ ആദ്യഘട്ടംതന്നെ പ്രകൃതിയെ അറിഞ്ഞ് വരയ്ക്കുക എന്നതും അതിലൂടെ കുട്ടികൾക്ക് പാരിസ്ഥിതിക വിദ്യാഭ്യാസം നേടാനും കഴിയും. സ്കൂളിന്റെ ചുമരുകൾ ആശയാത്മക ചിത്രങ്ങൾ രചിക്കാൻ പ്രയോജനപ്പെടുത്താം. അതിലൂടെ എല്ലാ കുട്ടികളെയും പഠന മികവിലേക്ക് നയിക്കാനും കഴിയും. | ജൂൺ – ജൂലൈ<br>ചിത്രകല ക്യാമ്പുകൾ സംഘടിപ്പിക്കാം.<br>ആഗസ്റ്റ് – സെപ്തംബർ<br>ചിത്രപ്രദർശനങ്ങൾ സംഘടിപ്പിക്കാം<br>ഒക്ടോബർ – നവംബർ<br>വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാം<br>ഡിസംബർ – ഫെബ്രുവരി<br>ചിത്രകലയും ഇതര കലകളുമായി ബന്ധപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കാം. | 5 മുതൽ<br>7 വരെ | വരയ്ക്കാൻ കഴിവുള്ള കുട്ടികളുടെ കലാപരമായ കഴിവ് കണ്ടെത്തി അതിനെ പ്രോത്സാഹിപ്പിക്കുകയും ചിത്രകലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാം |

*Estimate Amount - 25000/-*

| പ്രവർത്തനം 4 | മേഖല : ഭൗതികം | പേര് : ഡൈനിംഗ് ഹാൾ | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | ഫിഷറീസ് വകുപ്പ് | 2 കോടി 28 ലക്ഷം |
| പ്രവർത്തനം : 5<br>പേര് : പ്രീപ്രൈമറി & ലാബ് സമുച്ചയം<br>പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ, ശാസ്ത്രീയമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീ- പ്രൈമറി & ലാബ് മന്ദിര സമുച്ചയം നിർമ്മിക്കൽ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പ്രവർത്തനം : 6<br>ഗണിതോത്സവം | ഗണിത മികവുകളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ, കുട്ടികൾ | |
| | | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര. വ 65 , പച്ചക്കറിതോട്ടം, അക്കാദമികം കാർഷിക സാംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിതോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി. ഹരിതക്ലബ് | 5000 കൃഷി വകുപ്പ് |
| പ്ര. വ. 66 – ജൈവവൈവിധ്യ പാർക്ക്. പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/ എസ്.എസ്. എ |
| പ്ര. വ. 67 – ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവയുണ്ടാകണം | പ്രതിമാസം പരിപാടി | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്ര. വ. 69<br>ശാരീരിക ചാലക വികാസം | സ്വതന്ത്രമായി കളികളിൽ ഏർപ്പെടുക. | പന്ത് കളിക്കുക<br>ഊഞ്ഞാലാട്ടം<br>സീസോ | പഞ്ചായത്ത് | |
| പ്ര. വ 70<br>ഭാഷാവികാസം | ചിത്ര വായന , കഥ പറച്ചിൽ | ചിത്രത്തെകുറിച്ച് വിശദീകരിക്കൽ<br>കുട്ടിലൈബ്രറി. | അധ്യാപകർ | |
| പ്ര. വ 71<br>വൈജ്ഞാനിക മേഖല | ഗണിത കളികൾ, മൃഗങ്ങൾ, പക്ഷികൾ | ചിത്രപസിലുകൾ<br>പ്രകൃതി നിരീക്ഷണം | അധ്യാപകർ | |
| പ്ര. വ 72<br>സാമൂഹിക മേഖല | ആരോഗ്യ ശുചിത്വശീലങ്ങൾ, ആശുപത്രി, ആഘോഷങ്ങൾ, വിശേഷ ആഹാരങ്ങൾ | ശരിയായഭക്ഷണശീലം, ശരിയായ ശുചിത്വം ഡോക്ടേഴ്സ് സെറ്റ്<br>കിച്ചൺ സെറ്റ് | പി.ടി.എ | |
| പ്ര. വ 73<br>സർഗ്ഗാത്മക വികാസം | വിവിധയിനം പാട്ടുകൾ, ശബ്ദാനുകരണ കളികൾ, ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ | ഐ.സി.ടി.സാധ്യത, ചോക്ക്, പെൻസിൽ, പേപ്പർ,ക്രയോൺ സ്കെച്ച് പെൻ ,ചാർട്ട് | എസ്.എസ്.എ | |
| | | | | |

| ലക്ഷ്യങ്ങൾ | | | | |
|---|---|---|---|---|
| പ്രവർത്തനം 74<br>വൈകാരിക മേഖല | കുടുംബം । അച്ഛൻ., അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, സഹോദരങ്ങൾ | അഭിനയിച്ച് കളിക്കുക | അധ്യാപകർ | |
| | ലേഖന പ്രവർത്തനം ക്ലാസ്സ് മുറി അലങ്കരിക്കുക , പൂന്തോട്ടം ഒരുക്കുക | അക്ഷര പാറ്റേൺ | അധ്യാപകർ | |
| | നിറം , ആകൃതി, വലുപ്പം, കൂടുതൽ, കുറവ്, നീളം ഉയരം | വസ്തുക്കളെ തരം തിരിക്കുക | | |

| പ്രവർത്തനം 7 | മേഖല : ഭൗതികം | പേര് : മൈതാന നിർമ്മാണം. | | |
|---|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും എർപ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | 2 വർഷം | | |
| പ്രവർത്തനം : 8<br>മാലിന്യ സംസ്കരണം<br>ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം . സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | | | |
| | | | | |

പ്രവർത്തനം 1 മേഖല : സാമൂഹികം പേര് : പൂർവ്വ വിദ്യാർത്ഥി സംഗമം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കുകയും, അവരുടെ മുൻപിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ | |
| പ്ര.വ : 2 പൂർവ്വ അധ്യാപക സംഗമം<br>സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | |
| | | | | |

പ്രവർത്തനം 3 മേഖല : സാമൂഹികം പേര് : വായനാകൂട്ടം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിവരങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറി പുസ്തകങ്ങൾവായനാ തത്പരരായ രക്ഷിതാക്കൾക്ക് നൽകുന്നു. നല്ല വായനക്കാരെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറി ചാർജുള്ള അധ്യാപിക | |
| പ്രവർത്തനം : 4 ഗ്രാമ പത്രം | | | | |
| വിദ്യാലയ പ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയാൻ | വിദ്യാലയ സംബന്ധമായ മികവുകളും പൊതു വാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ തയ്യാറാക്കി പൊതു സമൂഹത്തിൽ എത്തിക്കുന്നു. | വർഷത്തിൽ 2 തവണ | സ്കൂൾ പാർലമെന്റ് | |
| | | | | |

പ്രവർത്തനം 5 മേഖല : സാമൂഹികം പേര് : കാരണവക്കൂട്ടം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയ പരിസരങ്ങളിൽ താമസിക്കുന്ന 70 വയസ്സിന് മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടികളുമായി ആശയവിനിമയം നടത്തി പഴയവ, പുതിയവ താരതമ്യം നടത്തൽ | വർഷത്തിൽ ഒരിക്കൽ | എസ്. ആർ. ജി | |
| പ്ര. വ : 6 അങ്കണവാടി കലോത്സവം<br>നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയ പരിസരത്തുള്ള അംഗനവാടി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ 1 തവണ | പി. ടി. എ | |
| | | | | |

പ്രവർത്തനം - 68

പേര് :- പോഷകാഹാര പരിപാടി മേഖല - അക്കാദമികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോദിവസവും വ്യത്യസ്തമെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്. എം, പി.ടി.എ | 50000 /- സി.എസ്.ആർ. ഫണ്ട് |
| | | | | |

# PRE- PRIMARY MASTER PLAN 2025 - 26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സാമഗ്രികൾ | ചുമതല |
| --- | --- | --- | --- |
| പ്രീ സ്കൂൾ കാലഘട്ടത്തിൽ വിവിധ ശിശുവികാസ മേഖലകൾക്ക് ലഭിക്കേണ്ടുന്ന അനുഭവങ്ങൾ പ്രധാനപ്പെട്ടതാണ്. ത്വരിത ഗതിയിൽ ബുദ്ധിവളർച്ചയുണ്ടാകുന്ന പ്രീ സ്കൂൾ കാലഘട്ടത്തിൽ കൃത്യമായി പഠന കളിയാനുഭവങ്ങൾ ഒരുക്കുക, സ്നേഹം , പ്രോത്സാഹനം, അംഗീകാരം, പിന്തുണ എന്നീ ഘടകങ്ങൾ കുട്ടിയുടെ സമഗ്രവികാസത്തെ സ്വാധീനിക്കുന്നു. ഗുണമേൻമയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.<br>**ശിശു വികാസം**<br>ശാരീരിക ചാലക വികാസം വൈജ്ഞാനിക വികാസം സാമൂഹികവും വൈകാരികവുമായ വികാസം സർഗ്ഗാത്മക വികാസം ഭാഷാവികാസം.<br>പ്രീ സ്കൂൾ വിദ്യാഭ്യാസം, സമഗ്ര വികസനത്തിനായി കുട്ടികളുടെ ശേഷികളുടെ പരമാവധി വളർച്ച സാധ്യമാക്കൽ, കുട്ടികളെ ഔപചാരിക പഠനത്തിന് സജ്ജമാക്കൽ എന്നിവ ലക്ഷ്യമിടണം. | പ്രീ- സ്കൂൾ പഠനപ്രവർത്തനങ്ങൾ കുട്ടിയുടെ പ്രായത്തിനനുസരിച്ചായിരിക്കണം. സ്വതന്ത്രമായി കളികളിൽ ഏർപ്പെടുക, ചിത്രം വരച്ച് നിറം നൽകാൻ കഴിയുക, നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, താളാത്മകമായി പാടുകയും കളിക്കുകയും ചെയ്യുക. കഥപറച്ചിൽ, അഭിനയം എന്നിവയിൽ ഏർപ്പെടുക, ആരോഗ്യ - ശുചിത്വ ശീലങ്ങളെ കുറിച്ച് അറിയുക, നിറം, ആകൃതി, വലുപ്പം, നീളം ഇവ തിരിച്ചറിയുക, സംഖ്യാബോധം ഉത്സവങ്ങൾ , ആഘോഷങ്ങൾ ഇവ പരിചയപ്പെടുക.<br>ഓരോ തീമുകൾക്കും അനുയോജ്യപ്രദമായ പഠന പ്രവർത്തനങ്ങൾ , പഠനോപകരണങ്ങൾ എന്നിവ തിരഞ്ഞെടുക്കുക, പ്രവർത്തനങ്ങൾ വൈവിധ്യമുള്ളതും സന്ദർഭോചിതവുമായിരിക്കണം. | ഓരോ തീമിനും അനുയോജ്യമായ സാമഗ്രികൾ നിർമ്മിക്കുക. ചിത്രം വരയ്ക്കാൻ ആവശ്യമായ ഉപകരണങ്ങൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള ഡിസ്പ്ലേ ബോർഡ്, കിച്ചൺ സെറ്റ്, പാവകൾ മുഖം മൂടി, മണൽത്തടം, ബിഗ് കാൻവാസ്, ഡോക്ടേഴ്സ് സെറ്റ്, കൊളാഷ്, ചിത്ര പുസ്തകങ്ങൾ എന്നിവ ആവശ്യമുണ്ട്. ക്ലാസ്സ് മുറിയിൽ ചിത്രമൂല ഒരുക്കാനുള്ള സൗകര്യം ആവശ്യമാണ്.<br>കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് കളിസ്ഥലം, പാർക്ക്, ഊഞ്ഞാൽ, സീസോ എന്നിവ ആവശ്യമാണ്. | അധ്യാപകർ |

# ഉപസംഹാരം

നാളെയുടെ നന്മകൾ – പൗരൻമാർ ഇന്നത്തെ ക്ലാസ്സ് മുറികളിൽ രൂപം കൊള്ളുന്നു. ഏതൊരു മനുഷ്യന്റെയും ഉയർച്ചയ്ക്കു പിന്നിൽ ഒരു കൂട്ടം നല്ല അധ്യാപകരുടെയും നല്ല രക്ഷകർത്താക്കളുടെയും സഹായസഹകരണത്തിന്റെയും ത്യാഗത്തിന്റെയും ആകെത്തുകയായിരിക്കും.

നാട്ടിൻപുറം നന്മകളാൽ സമൃദ്ധം, നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ എല്ലാം മിടുക്കൻമാരും മിടുക്കികളുമാണ്. അവരുടെ കായികവും ബൗദ്ധികവും മാനസികവുമായ എല്ലാ ശേഷി വികാസങ്ങൾക്കും വേണ്ടി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാൻ ആണ് ഇതിനോടൊപ്പമുള്ളത്. ഏഴാം ക്ലാസ്സ് കഴിഞ്ഞ് ഇവിടെനിന്ന് പോകുന്ന ഒരു കുട്ടി നാടിന്റെ നന്മയായി വളരാനും , വെല്ലുവിളികളെ നേരിടാനും , കഴിവുള്ള എഴുത്തുകാരനും ശാസ്ത്രജ്ഞനും, കായികപ്രതിഭയും, കലാപ്രതിഭയും ഒക്കെ ആകുന്നതിനായി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ഒരു കൂട്ടം നല്ല മനുഷ്യരുടെ സഹായത്തോടെ കാപട്യമില്ലാതെ ഈ സ്കൂളിന്റെ പൈതൃകം കാത്തു സൂക്ഷിച്ചു കൊണ്ട് സമർപ്പിക്കുന്നു. ഇതിലൂടെ പൊതു വിദ്യാഭ്യാസ യജ്ഞത്തിൽ ഞങ്ങളും പങ്കാളികളാകുന്നു. ശുഭാപ്തി വിശ്വാസത്തോടെ സമർപ്പിക്കുന്നു